പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2318 — 19.07.2016 ലെ മറുപടിയ്ക്ക്

## ഇലവത്തൂർ കർഷക സംഘത്തിന്റെ കൃഷി നാശത്തിന് നഷ്ടപരിഹാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മുരളി പെരുനെല്ലി | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) മണലൂർ നിയോജക മണ്ഡലത്തിലെ ഇലവത്തൂർ കോൾ കർഷക സംഘം ഇത്തവണ ഇറക്കിയ കൃഷി കീടബാധയേറ്റ് നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) കൃഷി നാശം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഉല്പാദനത്തിൽ 58% നഷ്ടം സംഭവിച്ചിട്ടുണ്ടെന്നും ഏകദേശം 27,58,608/- രൂപയുടെ (ഇരുപത്തിയേഴ് ലക്ഷത്തി അൻപത്തി എട്ടായിരത്തി അറുനൂറ്റി എട്ട് രൂപ മാത്രം) നഷ്ടം ഉണ്ടായതായി കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. |
| (സി) ഇതിനു നഷ്ടപരിഹാരം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (സി) | കീടരോഗബാധയ്ക്ക് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ കീടരോഗബാധ നിയന്ത്രണത്തിനായി 39,284 രൂപ (മുപ്പത്തിയൊമ്പതിനായിരത്തി ഇരുനൂറ്റി എൺപത്തിനാല്) പാടശേഖര സമിതികൾ മുഖേന കൃഷി വകുപ്പിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ